# അതിജീവനത്തിന്റെ നാൾവഴികൾ

കോവിഡ് മഹാമാരി താണ്ഡവമാടുമ്പോഴും, ലോകരാഷ്ട്രങ്ങൾ എന്തു ചെയ്യണമെന്നറിയാതെ പകച്ചു നിൽക്കുകയാണ്. ഇതുവരെ വന്നിരിക്കുന്ന കണക്കുകൾ, ഇനിയുള്ള വരാനുള്ളത് ഇതിലും ദുഷ്കരമായ നാളുകളാണെന്ന് സാക്ഷ്യപ്പെടുത്തുന്നു. വ്യക്തിശുചിത്വം പാലിക്കുക മാത്രമാണ് കൊറോണയെ പ്രതിരോധിക്കാനുള്ള ഏകമാർഗമെന്ന് W.H.O സാക്ഷ്യപ്പെടുത്തുന്നു. കൃത്യമായ രോഗപ്രതിവിധിയില്ലാത്തതിനാൽ ഇതിന്റെ തീവ്രത അളക്കാനാകില്ല. യൂറോപ്യൻ സമ്പദ്ഘടന മുഴുവൻ ഈ സൂക്ഷ്മാണുവിന്റെ പ്രഹരമേറ്റ് കൂപ്പുകുത്തുകയാണ്. സ്വന്തം ഭയത്തോടെ മാത്രമേ നമുക്കോർക്കാനാകൂ. ഒരു ജീവിതം കൊണ്ട് ഓടിത്തീർത്ത് ഉണ്ടാക്കിയ സൗധങ്ങളും, മണിമാളികകളും എല്ലാം മറന്ന് സമ്പന്നരെന്നോ, ദരിദ്രരെന്നോ വ്യത്യാസമില്ലാതെ ജീവനായി ദൈവത്തിനു മുന്നിൽ കേഴുകയാണ്. ലോക്ഡൗൺ പ്രഖ്യാപിച്ച് രാജ്യങ്ങൾ മുഴുവൻ സമ്പർക്കവിലക്ക് ഏർപ്പെടുത്തിയപ്പോഴും പലയിടങ്ങളിലും COVID-19 പടർന്നുകൊണ്ടേയിരുന്നു. ചൈനയിലെ വുഹാനിൽ ഉത്ഭവിച്ചെന്നു കരുതപ്പെടുന്ന വൈറസിന്റെ യഥാർത്ഥ പ്രഭവസ്ഥാനം ഇതുവരെ തിട്ടപ്പെടുത്തിയിട്ടില്ല. നിമിഷങ്ങൾ കൊണ്ട് ലോകമൊട്ടാകെ തന്റെ വരുതിയിലാക്കിയ ഈ ഭീകരനെ തളയ്ക്കാൻ ഭഗീരഥ പ്രയത്നം തന്നെ വേണ്ടിവരുമെന്നതിൽ സംശയം വേണ്ട. ഇങ്ങനെയുള്ള സ്ഥിതിഗതികൾ ലോകത്ത് മാറിമറിയുമ്പോഴും നമ്മുടെ ഇന്ത്യയിൽ, ആദ്യമായി COVID-19 റിപ്പോർട്ട് ചെയ്ത കേരളം ഇന്ന് പൂർണമായ രോഗമുക്തിയിലേക്ക് കുതിക്കുകയാണ്. ആരോഗ്യപ്രവർത്തകരും, മറ്റു സന്നദ്ധപ്രവർത്തകരും പൊതുജനങ്ങളും ഒത്തുചേർന്ന് അക്ഷീണം പ്രവർത്തിച്ചതിന്റെ ഫലമായാണ് ഈ നേട്ടം നാം കൈവരിക്കാൻ പോകുന്നത്. ജനങ്ങൾ പോലീസ് നൽകിയ നിർദ്ദേശങ്ങളോടും, സർക്കാരിന്റെ നിയന്ത്രണങ്ങളുമായി ഐക്യദാർഢ്യം പ്രകടിപ്പിച്ചതോടെ നമ്മുടെ കൊച്ചു കേരളം ലോകത്തിന് മുന്നിൽ മാതൃകയായി മാറുകയാണ്. ഇത് ആദ്യമായല്ല കേരളം ഇത്തരം അത്ഭുത പ്രവർത്തനങ്ങൾ നടത്തുന്നത്. മനുഷ്യരാശിയെ ഭീതിയിലാഴ്ത്തിയ നിപ വൈറസിന്റെ പ്രസരണവും കഴിഞ്ഞ കാലയളവിൽ കേരളത്തിൽ നമുക്ക് പിടിച്ചുകെട്ടാനായിട്ടുണ്ട്.

ലോക്ഡൗൺ സമയത്ത് മലയാളികളുടെ ഭക്ഷണരീതികളിലുണ്ടായ പ്രകടമായ വ്യത്യാസം എടുത്തുപറയേണ്ടതാണ്. ഓൺലൈൻ ഫുഡ് ഡെലിവറികളും, ഭക്ഷണശാലകളും അടച്ചുപൂട്ടിയതോടെ ഫാസ്റ്റ് ഫുഡും, ജങ്ക് ഫുഡും നമ്മുടെ ഉദരത്തിലേക്ക്

Scanned with CamScanner

ഏറ്റവുമൊന്നത് ഇപ്പോൾ എന്ന് പറയാം. ചൈനയുടെ നിസ്സഹായതയിനാൽ പലയിടങ്ങളിലും ഇത് വ്യാപകമായി രാജ്യങ്ങളിലായി വിനി ഭോഗിക്കുന്നു. രോഗപ്രതിരോധശേഷി കൈവരുത്താൻ മാത്രമല്ല, മാനസികമായ സുസ്ഥിതി കൂടി ഇത്തരം പാരമ്പര്യ രീതികളിലൂടെ നമുക്ക് കൈവരും. മാത്രമല്ല മാറിക്കൊണ്ടിരിക്കുന്ന മലയാളികളുടെ പുത്തൻ ഭക്ഷണ ശൈലികളിലേക്കുള്ള ഒരു തിരിഞ്ഞുനോട്ടവും ലോക്ഡൗൺ സമയത്ത് സാധ്യമാണ്. സമയപരിമിതിയിലും, ജനബാഹുല്യവും മറ്റും ഒരു വിഷയമാണെങ്കിൽ കൂടിയും ഒരു വീട്ടിലേക്കാവശ്യമായ പച്ചക്കറികൾ ഭാഗികമായിട്ടെങ്കിലും ഉണ്ടാക്കാനാകുമെന്ന തിരിച്ചറിവിലേക്ക് നാം എത്തേണ്ടതാണ്. വീട്ടിലിരുന്ന് വ്യായാമമുറകൾ ചെയ്യുന്നതിനാൽ ആരോഗ്യത്തിന്റെ പേടിയും വേണ്ട.

ജനങ്ങൾ ലോക്ഡൗണിനോട് സഹകരിച്ച് വീട്ടിലിരിക്കുമ്പോഴും ആശ്വാസവരുത്താൻ പോരാടം പൊരുതുന്ന ഉദ്യോഗസ്ഥവൃന്ദങ്ങളും, സ്വന്തം സുരക്ഷയും, കുടുംബവും വെടിഞ്ഞ് സമാധാനം ആശിക്കുന്ന പരിപാലിക്കുന്ന ആരോഗ്യപ്രവർത്തകരും, അതിഥി തൊഴിലാളികൾക്കും അശരണർക്കും വേണ്ട സേവനങ്ങൾ പ്രദാനം ചെയ്യുന്ന സന്നദ്ധ പ്രവർത്തകരും, ജനങ്ങൾ വേണ്ട മാർഗനിർദേശങ്ങൾ നൽകിക്കൊണ്ടിരിക്കുന്ന കേന്ദ്ര-സംസ്ഥാന സർക്കാരും, മതപരമായ ചടങ്ങുകൾക്ക് വിലക്ക് കൽപിച്ച മതാചാര്യന്മാരും ഒക്കെ ചേർന്നതാണ് നമ്മുടെ പ്രതിരോധത്തിന്റെ നെടുംതൂൺ. ഇത്തരത്തിൽ സ്ഥിതിഗതികളുടെ ഗൗരവം ഏറെ കണക്കിലെടുത്തുകൊണ്ടുതന്നെയാണ് അവർ ഓരോ ചുവടും മുന്നോട്ടുവെക്കുന്നത്. ലോക്ഡൗണിൽ നിന്ന് അൽപനേരം മാത്രം ആസ്വദിക്കാൻ പുറത്തിറങ്ങുന്ന ചെറിയൊരു വിഭാഗം പോലീസ് ഉദ്യോഗസ്ഥരുടെ കൈയിൽ ചെന്നുപെട്ടാൽ അത് അവരിൽ നീരസമുണ്ടാക്കിയേക്കാം. എന്നാൽ ചെറിയ അശ്രദ്ധകൾ പോലും പ്രതിരോധത്തെ സാരമായി ബാധിക്കും എന്ന വസ്തുത ഓർക്കുമ്പോൾ അവിടെ അത്തരം നീരസങ്ങൾക്ക് പ്രസക്തിയില്ല. രണ്ടുമാസത്തിലേറെയായി അതീവ ജാഗ്രതയോടെ ഔദ്യോഗിക സംവിധാനങ്ങളൊക്കെയും സാമൂഹിക പ്രതിബദ്ധതയോടെ മാധ്യമങ്ങളുമെല്ലാം ഒന്നിച്ചു നടത്തിയ പ്രവർത്തനങ്ങളിലൂടെ മഹാവാൻ രോഗപ്രസരണത്തിന്റെ തോത് നിയന്ത്രണവിധേയമാക്കാനായത്, ലോക്ഡൗൺ പൂർണമായി പിൻവലിക്കാനാവില്ലെങ്കിലും അതാത് പ്രദേശത്തെ ജനസാന്ദ്രതയും, പ്രകൃതിസാധ്യതയും, രോഗനിർണയവും കണക്കിലെടുക്കേണ്ടതാണ്, അതിനാലുണ്ടാകുന്ന വൈഷമ്യങ്ങൾ പൊതുജനങ്ങൾ സ്വരക്ഷയ്ക്കും, ലോകരക്ഷയ്ക്കും വേണ്ടി സഹിച്ചേ മതിയാകൂ.

Scanned with CamScanner

അതിജീവനത്തിന്റെ പാതയിൽ അതിന്റെ പാരമ്യത്തിലേക്ക് മുന്നേറിക്കൊണ്ടിരിക്കുന്ന നമ്മുടെ ജനങ്ങൾക്ക് ഈ മഹാമാരിക്ക് ശേഷം നേരിടേണ്ടി വരാവുന്ന പ്രതിസന്ധികൾ ഒട്ടും അവഗണിക്കാനാകില്ല. സ്വന്തം നാടും, വീടും, ബന്ധുക്കളെയും വിട്ടകന്ന് വിദേശങ്ങളിൽ ജോലിചെയ്യുന്ന പ്രവാസി ജനതയുടെ കാര്യം നാം എടുത്ത് ചിന്തിക്കേണ്ട വസ്തുതകളിൽ ഒന്നാണ്.

കേരളസർക്കാരിന്റെ സമ്പദ്ഘടനയെ വലിയ ഒരു ഭാഗത്തോളം സ്വാധീനിച്ചിരിക്കുന്ന പ്രവാസികൾ ഇന്ന് കടുത്ത പ്രതിസന്ധിയാണ് നേരിടേണ്ടി വരുന്നത്. ഒരാളുടെ അനാസ്ഥ ഒരു നാടിനെ തന്നെ സാരമായി ബാധിക്കുമെന്ന് ബോധ്യപ്പെടുത്തുന്ന കാര്യം ഇന്ന് നമ്മുക്കേവർക്കും അറിയാവുന്നതാണ്. അന്യരാജ്യങ്ങളിൽ കിടന്ന് കുടുംബത്തിനായി വേല ചെയ്യുന്നവരും, വിദ്യാർത്ഥികളുമടക്കം ഒരു വിഭാഗം അന്താരാഷ്ട്ര ഗതാഗത സൗകര്യങ്ങൾ നിലച്ചിരിക്കുന്നതിനാൽ അകപ്പെട്ടിരിക്കുകയാണ്. കേരളത്തിൽ വെച്ച് രോഗം ബാധിച്ച് മരിച്ച മലയാളികളെക്കാൾ, കൂടുതൽ കേരളീയർ വിദേശരാജ്യങ്ങളിൽ വച്ച് മരിച്ചിരിക്കുന്നു. അതുപോലെ വിദേശരാജ്യങ്ങളിലെ രോഗത്തിനെതിരായുള്ള പ്രതിരോധത്തിലെ പിഴവ് ചിലപ്പോൾ നമ്മുടെ പ്രവാസികളെ ബാധിക്കാനുള്ള സാധ്യതയും ഇല്ലാതാവുന്നില്ല. എന്നാൽ ഗതാഗത സർവ്വീസുകളുപയോഗിച്ച് ഇവരെ നാട്ടിലെത്തിക്കുകയെന്നതും വലിയൊരു വെല്ലുവിളിയാണ്. അവർ താമസിച്ചിരുന്ന പ്രദേശത്തുനിന്നോ, അതുകൂടാതെ ഉള്ള സമ്പർക്കം വഴിയോ ആർക്കെങ്കിലും രോഗം ബാധിച്ചിട്ടുണ്ടെങ്കിൽ, സ്ഥിതി വളരെ ഗുരുതരമാകും. ഇപ്പോഴുള്ളതിന് വിപരീതമായി നാട്ടിൽ അരക്ഷിതാവസ്ഥ കടന്നുവരും. ഇതിനുള്ള ഏക പ്രതിവിധി വിദേശങ്ങളിൽ അവരുടെ പൂർണ്ണ സുരക്ഷ ഉറപ്പുവരുത്താനാകണം എന്നതാണ്. ഓരോ ജീവനും വിലപ്പെട്ടതാണെന്ന സാമാന്യതത്വം അറിയുന്നവരാരും ഇതിന് വിപരീതമായി നിലകൊള്ളില്ല, ഏതൊരു സന്ദർഭത്തിൽ അവരെ കൈയൊഴിക്കുന്നത് തെറ്റായ ഒരു നയമാണ്. ഇത് ഈ മഹാമാരിക്ക് ശേഷം കടന്നുവരുന്ന അനന്തര സ്ഥിതിഗതികളിൽ പ്രകടമാകാനിടയുണ്ട്. COVID-19 നെ പ്രതിരോധിച്ച് ലോക്ഡൗണിനു ശേഷം നാട്ടിൽ വരുന്ന പ്രവാസികളോട് ജനങ്ങൾ വിവേചനപരമായി പെരുമാറരുതെന്നതും നാം ശ്രദ്ധിക്കേണ്ട ഒന്നാണ്. സാധാരണ അവരോട് പെരുമാറുന്നതു പോലെ അപ്പോഴും നമുക്ക് അവരോട് പെരുമാറാനാകണം. അവരെ അകറ്റി നിർത്തുകയോ, അവഗണിക്കുകയോ ചെയ്യരുത്, കാരണം അവരും നമ്മുടെ സഹോദരങ്ങളാണ്. ഇപ്പോഴത്തെ സാഹചര്യം

Scanned with CamScanner

നോർക്കയിലൂടെ പ്രവാസികളുടെ പ്രശ്നങ്ങൾക്ക് സമാധാനങ്ങൾ വഴി പരിഹാരമുണ്ടാവുന്നതാണ്. നമ്മുടെ അന്തരത്തിലുള്ള ആശങ്കകളും കരുതലുകളും അവരിൽ മുന്നോട്ടുള്ള ഉണർവും നിറയ്ക്കുമെന്നത് ഉറപ്പാണ്.

ഇതിനുശേഷം ലോക്ഡൗൺ പിൻവലിച്ചാലും ഇന്ന് നമ്മൾ തമ്മിൽ ഒരേപോൽ പ്രകടിപ്പിക്കുന്ന ഐക്യദാർഢ്യം കൈവിട്ടു പോകാതെ നോക്കണം, ചെറിയ രാഷ്ട്രീയ പോർവിളികൾക്കും, നമ്മുടെ സ്വാർത്ഥതയ്ക്കും നാം തുടർന്നും ലോക്ഡൗൺ പ്രഖ്യാപിക്കണം. ഒരു ആപത്ഘട്ടത്തിൽ നമ്മെ താങ്ങിനിർത്തിയ ആരോഗ്യപ്രവർത്തകരെയും ഉദ്യോഗസ്ഥരെയും മനസ്സാ നമിച്ചുകൊണ്ട് നെൽസൺ മണ്ടേലയുടെ വാക്കുകൾ നമുക്കോർക്കാം "ചെയ്തു കഴിയും വരെ ഏതു കാര്യവും അസാധ്യമെന്നു തോന്നാം". ഈ മഹാമാരിക്ക് ഭേദിക്കുന്ന കടിഞ്ഞാണിടുന്നതിന്റെ അവസാനഘട്ടത്തിലേക്ക് നാം കടക്കുകയാണ്. തളർന്നു പോകാതിരിക്കാൻ, വഴിയിൽ വീണു പോകാതിരിക്കാൻ മുന്നോട്ട്, മുന്നോട്ട് എന്ന വാക്കുകൾ ജീവമന്ത്രം പോലെ ഉരുവിടാം. ഒരു കോവിഡ് - മുക്ത കേരളത്തിനായ്...